"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ, ഇടവനശ്ശേരിയിൽ, അഖിൽ ഭവനത്തിൽ ശ്രീമതി. ചിഞ്ചുമോൾ.എസ് -ന് പലിശ ഒഴിവാക്കി നൽ കി, ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനും, വീട് നിർമ്മാണത്തിനും കൈപ്പറ്റിയ 6,25,000/- രൂപ മാത്രം തിരിച്ചടച്ച് കൊണ്ട് വീട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.860/2025/LSGD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം.1185/2024/തസ്വഭവ തീയതി 01/07/2024
2. ശ്രീമതി.ചിഞ്ചുമോൾ എസ് ന്റെ 21/09/2024 ലെ അപേക്ഷ
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18/11/2024 ലെ എൽ.എം103/2019/ലൈഫ് നമ്പർ കത്ത്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04/01/2025 ലെ തസ്വഭവ/പി.ഡി/39447/2024-ഡിപിഎൽസി3 നമ്പർ കത്ത്
5. കൊല്ലം ജില്ലാകളക്ടറുടെ 15/03/2025 ലെ ഡിസികെ എൽഎം/1051/2025-ഡിഎം4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഇടവനശ്ശേരിയിൽ അഖിൽ ഭവനത്തിൽ, ശ്രീമതി. ചിഞ്ചുമോൾ. എസ് ന് മൈനാഗപള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും വസ്തുവാങ്ങുന്നതിന് 2020-21 സാമ്പത്തിക വർഷം 2,25,000/- രൂപയും ഭവന നിർമ്മാണത്തിന് 4,00,000/- രൂപയും അനുവദിച്ച് നൽകിയിരുന്നു, ടിയാളുടെ ജന്മനാ സുഖമില്ലാത്ത മകളുടെ ചികിത്സക്കായും, പിതാവിന്റെ കാൻസർ ചികിത്സക്കായും 35 ലക്ഷത്തിലേറെ രൂപ ചെലവായതായും ഈ കടങ്ങൾ വീട്ടുന്നതിനായി, ലൈഫ് മിഷൻ പ്രകാരം കൈപറ്റിയ തുകയും പലിശയും ഒഴിവാക്കി വീട് വിൽക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം ടിയാൾ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി. ചിഞ്ചുമോളുടെ മകൾ ജന്മനാ അസുഖ ബാധിതയായിരുന്നുവെന്നും 14.02.2022 ൽ കുട്ടി മരണപ്പെട്ടിട്ടുള്ളതായും, കാൻസർ രോഗിയായ പിതാവിന്റെയും ജന്മന സുഖമില്ലാത്ത മകളുടേയും ചികിത്സയ്ക്കായി ധാരാളം തുക ചിലവാക്കിയതിനെ തുടർന്ന് അപേക്ഷക കടബാധിതയാവുകയും ലൈഫ് ഭവന പദ്ധതിയിലൂടെ ലഭിച്ച വീടും വസ്തുവും വിൽക്കേണ്ടുന്ന സാഹചര്യത്തിലാണെന്നും, പരാമർശം 1 ഉത്തരവ് പ്രകാരമെ നിലവിലെ സാഹചര്യത്തിൽ ജില്ലാതല സമിതിക്ക് ഭവനം വിൽക്കാൻ അനുമതി നൽകുവാൻ കഴിയുകയുള്ളുവെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, കൊല്ലം ജില്ലാ കളക്ടർ എന്നിവർ യഥാക്രമം പരാമർശം 3,4,5 പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകയുടെ ദയനീയ സ്ഥിതി പരിഗണിച്ച് പലിശ ഒഴിവാക്കി നൽകി കൊണ്ട്, കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഇടവനശ്ശേരിയിൽ, അഖിൽ ഭവനത്തിൽ ശ്രീമതി. ചിഞ്ചുമോൾ.എസ്-ന് ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനും, വീട് നിർമ്മാണത്തിനും കൈപ്പറ്റിയ 6,25,000/- രൂപ മാത്രം തിരിച്ചടച്ച കൊണ്ട് വീട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
ജില്ല കളക്ടർ, കൊല്ലം
സെക്രട്ടറി, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്, കൊല്ലം
ശ്രീമതി ചിഞ്ചുമോൾ.എസ്, അഖിൽ ഭവനം, ഇടവനശ്ശേരിയിൽ(സെക്രട്ടറി, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 29-03-2025 11:15:05
സെക്ഷൻ ഓഫീസർ